**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 835** **29-08-2022 - ൽ മറുപടിയ്ക്ക്**

**'ഗോത്രസാരഥി' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഗോത്രസാരഥി പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഗോത്രസാരഥി പദ്ധതിയെ വിദ്യാവാഹിനി പദ്ധതിയെന്ന് പുനർനാമകരണം ചെയ്യുകയാണ് പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗിനായി ഓരോ സ്കൂളിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ സ്ഥാപന മേധാവി, സീനിയർ അദ്ധ്യാപകൻ, സ്ഥലത്തെ പട്ടികവർഗ്ഗ പ്രൊമോട്ടർ എന്നിവർ ഉൾപ്പെടുന്നുവെന്നതിനാൽ കുട്ടികളുടെ ഹാജരില്ലായ്മ തുടക്കത്തിൽ തന്നെ കണ്ടെത്തുന്നതിനും അതുവഴി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് തടയിടുന്നതിനും സാദ്ധ്യമാകുന്നു. |
| (ബി) | പ്രധാനപ്പെട്ട ഊരുകളിലൊന്നുംതന്നെ പ്രസ്തുത പദ്ധതി പൂർണമായും നടപ്പിലാക്കാൻ സാധിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | നേരത്തെ നടപ്പിലാക്കിയിരുന്ന പദ്ധതിയിൽ നിലവിൽ എത്രയെണ്ണം നിർത്തലാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | (സി) | പദ്ധതി നിർത്തലാക്കിയിട്ടില്ല. |
| (ഡി) | ഗോത്രസാരഥി പദ്ധതി ഇനി ഏതെല്ലാം ഊരുകളിലാണ് നടപ്പിലാക്കുവാനുള്ളത്; വിശദമാക്കാമോ; | (ഡി) | പദ്ധതി മുൻവർഷങ്ങളിൽ നടപ്പിലാക്കിയിരുന്ന എല്ലാ ഊരുകളിലും തുടർന്നും നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി ഏതെങ്കിലും സങ്കേതത്തിൽ പദ്ധതി നടപ്പിലാക്കേണ്ടിവരുന്നുണ്ടെങ്കിൽ ആയത് പ്രസ്തുത ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതുമാണ്. |
| (ഇ) | ഇതിനായി മുൻ സർക്കാരിന്റ കാലം മുതൽ നാളിതുവരെ എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | (ഇ) | ഈ പദ്ധതി പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ആയതിൽ പ്രാക്തന ഗോത്ര വർഗ്ഗക്കാർക്ക് പെരിപ്പതെറ്റിക് വിദ്യാഭ്യാസം, വിദ്യാർത്ഥികൾക്കുള്ള ട്യൂട്ടോറിയൽ ഗ്രാന്റ്, ഗോത്ര സാരഥി, സാമൂഹ്യപഠനമുറി എന്നിവ |

ഉൾപ്പെട്ടിട്ടുള്ളതിനാൽ ഗോത്രസാരഥി പദ്ധതിക്ക് മാത്രമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

| ക്രമ നം | വർഷം | ഗോത്രസാരഥി പദ്ധതിയ്ക്കായി ചെലവഴിച്ച തുക |
|---|---|---|
| 1 | 2016-2017 | 6,36,54,562 |
| 2 | 2017-2018 | 10,76,65,130 |
| 3 | 2018-2019 | 7,84,28,253 |
| 4 | 2019-2020 | 13,32,02,718 |
| 5 | 2020-2021 | 9,63,02,316 (മുൻ വർഷത്തെ കുടിശ്ശിക ഉൾപ്പെടെ) |
| 6 | 2021-2022 | 2,85,37,092 |

2022-23 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് മതിയാകാതെ വരുന്ന പക്ഷം വിനിയോഗിക്കുന്നതിനായി ജൂൺ, ജൂലൈ മാസത്തേക്ക് വേണ്ടി 2,38,00,000/- രൂപ എല്ലാ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർക്കും അനുവദിച്ച് നല്കിയിട്ടുണ്ട്. ആയത് ആവശ്യാനുസരണം ചെലവഴിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ